"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഫെസിലിറ്റി മാനേജ്മെന്റ് സർവീസ് ബിൽ തുക അനുവദിച്ച് നൽകുന്നതിന് ഭരണാനുമതിയും വിതരണാനുമതിയും നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

G.O.(Rt)No.1035/2026/H&FWD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. 20.12.2023 ലെ സ.ഉ.(സാധാ) നം.3351/2025/ആ.കു.വ
2. 26.11.2025 ലെ സ.ഉ.(സാധാ) നം.3690/2025/ആ.കു.വ
3. 18.11.2025 ലെ സ.ഉ.(സാധാ) നം.3614/2025/ആ.കു.വ
4. 29.11.2025ലെ സ.ഉ.(സാധാ) നം.3738/2025/ആ.കു.വ
5. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 13.02.2026 ലെ പി.എ1/3168/2025 മെ.വി.വ നമ്പർ കത്ത്.
6. 10.03.2026 ലെ സ.ഉ.(സാധാ) നമ്പർ 2500/2026/ധന

**ഉത്തരവ്**

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഫെസിലിറ്റി മാനേജ്മെന്റ് സർവീസായ ഓപ്പറേഷൻ & മെയിൻറനൻസ് (O&M), സെക്യൂരിറ്റി സർവീസ്, ഹൗസ് കീപ്പിംഗ് സർവീസുകൾ പരാമർശം 1 മുതൽ 4 വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം M/S HITES, M/s KEXCON, M/s OMKAR SECURITY AGENCY, PROFESSIONAL HOSPITALITY & SUPPORT എന്നീ ഏജൻസികളാണ്

നിലവിൽ നടത്തി വരുന്നത്. M/S HITES സ്ഥാപനത്തിന്റെ 2025 ഡിസംബർമാസത്തെ ₹18,52,060 രൂപയും, M/s OMKAR SECURITY AGENCY യുടെ 2025 ഡിസംബർമാസത്തെ ₹34,85,657 രൂപയും, M/s KEXCON ന്റെ 2026 ജനുവരിമാസത്തെ ₹16,39,445/- രൂപയും, M/s PROFESSIONAL HOSPITALITY & SUPPORT സ്ഥാപനത്തിന്റെ 2026 ജനുവരിമാസത്തെ ₹40,66,043/- രൂപയും ഉൾപ്പെടെ ആകെ ₹1,10,43,205/- രൂപ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ പ്ലാൻ സ്കീമിൽ "2210-05-105-32-17 ചെറുകിട മരാമത്ത് പണികൾ" എന്ന ശീർഷകത്തിൽ നിന്നും കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന്റെ പ്ലാൻ സ്കീമിൽ "2210-05-105-53- 34 മറ്റ് ചെലവുകൾ 3-മറ്റിനം" ശീർഷകത്തിലേയ്ക്ക് 1,05,47,757/-രൂപ (ഒരു കോടി അഞ്ച് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി എഴുന്നൂറ്റി അമ്പത്തേഴ് രൂപ മാത്രം) ധനപുനർവിനിയോഗം അനുവദിക്കണമെന്ന് പരാമർശം (5)ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. പരാമർശം (6) ലെ ഉത്തരവ് പ്രകാരം ₹1,05,48,000/- രൂപ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ പ്ലാൻ സ്കീമിൽ "2210-05-105-32-17 ചെറുകിട മരാമത്ത് പണികൾ" എന്ന ശീർഷകത്തിൽ നിന്നും കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന്റെ "2210-05-105-53-34 മറ്റ് ചെലവുകൾ 3-മറ്റിനം" ശീർഷകത്തിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഫെസിലിറ്റി മാനേജ്മെന്റ് സർവീസായ ഓപ്പറേഷൻ & മെയിൻറനൻസ്(O&M), സെക്യൂരിറ്റി സർവീസ്, ഹൗസ് കീപ്പിംഗ് സർവീസ് എന്നിവയുടെ 2025 ഡിസംബർ, 2026 ജനുവരി മാസങ്ങളിലെ ബിൽ തുകയായ **₹1,05,47,757/- രൂപ (ഒരു കോടി അഞ്ചു ലക്ഷത്തി നാൽപ്പത്തി ഏഴായിരിത്തി എഴുന്നൂറ്റി അൻപത്തി ഏഴ് രൂപ മാത്രം)** കൊല്ലം സർക്കാർ മെഡിക്കൽ കോളേജിന്റെ **"2210-05-105-53-34 മറ്റ് ചെലവുകൾ 3-മറ്റിനം"** ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതിയും വിതരണാനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

4. ബില്ലിന്റെ കൃത്യത മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUBHASH R
ADDITIONAL SECRETARY

പകർപ്പ്

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ് , കൊല്ലം.

പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ് , മഞ്ചേരി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ(ഹെൽത്ത്-എ) വകുപ്പിന് (3444955/ എച്ച്.എൽറ്റി-എ2/80/2026-ധന തീയതി 11.03.2026.)

ഡയറക്ടർ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-P2/24/2026-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 12-03-2026 14:54:22

സെക്ഷൻ ഓഫീസർ